ശ്രീ. സി. അച്യുതമേനോൻ : കോടതിയായി കേസു നടത്തുന്ന കാര്യം കോൺസ്റ്റബിൾമാർ ഉണ്ട്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : കോർട്ടിൽ കേസു നടത്തുന്നതിനു പ്രാസിക്യൂട്ടു ചെയ്യുവരെ സഹായിക്കുകയല്ലാതെ സാധാരണയായി ചെയ്യാറുള്ളതു പോലെ ഒരു തെളിവു ഉണ്ടാക്കി കക്ഷിപിടിച്ചു വാങ്ങിക്കേണ്ട ആവശ്യമുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ : ക്രിമിനൽ നിയമത്തിന്റെ തത്വത്തിയല്ലേയ്യു ഞാൻ കൂടുകയില്ല.

പീച്ചി ഇറിഗേഷൻ സ്കീമിന്റെ പണി.

* 1548. [7] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീച്ചി ഇറിഗേഷൻ സ്കീമിന്റെ പണി എന്നുമുതൽ ആരംഭിച്ചു ;

(ബി) എന്നുമുതൽ കൃഷിക്കാർക്കു വെള്ളം ലഭിച്ചുതുടങ്ങി;

(സി) ഇപ്പോൾ എത്ര ഏക്കർ സ്ഥലത്തേയ്ക്കു കൃഷിക്കു വെള്ളം ലഭിക്കുന്നുണ്ടു;

(ഡി) ഇതിന്റെ പ്രവർത്തനത്തിനായി എത്ര ഉറുപ്പിക ചെലവുവരുന്നു;

(ഇ) പീച്ചിയിൽനിന്നു പുതിയ കനാലുകളും തുറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഒല്ലൂർ, മരത്താക്കര കൂടി തെക്കാട്ടുശേരിക്കു ഒരു കനാൽ വേണമെന്നു അവശ്യപ്പെട്ടുകൊണ്ടു മെമ്മോറാണ്ടം കിട്ടിയിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം എന്നത്തേയ്ക്കു് ആകും?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്) :

(എ) 1948 മുതൽ പണി ആരംഭിച്ചു.

(ബി) 1953 മുതൽ.

(സി) നാൽപ്പത്തി ആറായിരം ഏക്കർ സ്ഥലത്തേയ്ക്കു വെള്ളം ലഭിക്കുന്നുണ്ടു.

(ഡി) 2,22,86,411 രൂപ.

(ഇ) ഉണ്ടു.

(എഫ്) ഉണ്ടു.

(ജി) രണ്ടുകൊല്ലത്തെ വെള്ളത്തിന്റെ നില കണ്ടശേഷം തീരുമാനിക്കുന്നതാണു.

റ്റി. ബി. സാനിട്ടോറിയം.

* 1549. [8] ശ്രീ. ആർ. ജനാർദ്ദനൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിൽ എത്ര റ്റി. ബി. സാനിട്ടോറിയം ഉണ്ടു;

(ബി) എല്ലാ സാനിട്ടോറിയത്തിലുമായി എത്ര രോഗികളെ 1958-59-ൽ ഇൻപേഷ്യൻറ്സായി ചികിത്സിച്ചിട്ടുണ്ടു?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ ഏ. ആർ. മേനോൻ):

(എ) 3 സാനിട്ടോറിയം.

1. മുട്ടുകുന്നുകാവു്
2. പരിയാരം
3. പുലയനാർകോട്ട

(ബി) പുലയനാർകോട്ടയിലും മുട്ടുകുന്നുകാവിലും ക്ലേശി 1338 പേരെ കിടത്തി ചികിത്സിച്ചിട്ടുണ്ടു്. പരിയാരത്തെ കണക്കു ശേഖരിച്ചിട്ടില്ല. ഏകദേശം 500 ഉണ്ടു്.

ശ്രീ. ആർ. ജനാർദ്ദനൻ നായർ: രോഗം ബാധിച്ചവർ വളരെയധികം ഉള്ളതുകൊണ്ടു് എല്ലാ ആശുപത്രികളിലും റേഡി. ബി. പേഷ്യൻറ്സിനെ കിടത്തി ചികിത്സിക്കാൻ പ്രത്യേകം വാർഡുകളും കെട്ടി ചികിത്സാസൗകര്യം ഉണ്ടാക്കാൻ പോകുന്നുവെന്നു പറയുന്നതു ശരിയാണോ?

ഡാക്ടർ ഏ. ആർ. മേനോൻ: അതിനുള്ള ശ്രമങ്ങൾ ചെയ്യുന്നുണ്ടു്. എല്ലാ ആശുപത്രികളിലും ഡാക്ടറന്മാർ കുറവാണു്. ഡാക്ടറന്മാരെ ടെയിനിംഗിനു് എടുത്തിട്ടുണ്ടു്. ഇതു കൊല്ലം അവസാനം ഏകദേശം എല്ലാ ഡിസ്ട്രിക്ടു ഹെഡ്ഡു് കപ്പാർട്ടേഴ്സിലെ ആശുപത്രികളിലും ചികിത്സിക്കാനുള്ള സൗകര്യമുണ്ടാകുമെന്നു കരുതുന്നു.

ശ്രീ. പി. ടി. ചാക്കോ: ഡാക്ടറന്മാരുടെ കുറവിനേക്കാളും ക്ഷയരോഗം ശ്രദ്ധയിൽ മരുന്നിന്റെ അഭാവമാണു് ബുദ്ധിമുട്ടുണ്ടാക്കുന്നതെന്നു് ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ഡാക്ടർ ഏ. ആർ. മേനോൻ: ബോദ്ധ്യപ്പെട്ടിട്ടില്ല. ചോദ്യം ചോദിച്ചതുപോലെതന്നെ ഇതിനേപ്പറ്റി അനേഷിച്ചാലും മരുന്നു അധികമുണ്ടെന്നു ബോദ്ധ്യമാകും. അതു തെളിയിക്കാനും കഴിയും. ചിലമരുന്നുകളും ചിലപ്പോൾ ചില ആശുപത്രികളിൽ കുറവായി കണ്ടേക്കാം. പൊതുവിൽ എല്ലാ ആശുപത്രികളിലും മരുന്നു ആവശ്യത്തിനുണ്ടു്.

ശ്രീ. പി. ടി. ചാക്കോ: മരുന്നുണ്ടെന്നു തെളിയിക്കാൻ കഴിയുമായിരിക്കും. പക്ഷേ ചിറ്റഴുത കൊടുക്കുന്ന സമ്പ്രദായമുണ്ടെന്നു് അറിയാമോ?

ഡാക്ടർ ഏ. ആർ. മേനോൻ: മെമ്പർ പറഞ്ഞതു ശരിയാണു്. അറിയാം. ആർഡർ ഇഷ്യൂ ചെയ്തിട്ടുണ്ടു്. മരുന്നില്ലെങ്കിൽ ഇല്ലെന്നു പറഞ്ഞു് അയച്ചേക്കണം. കുറിച്ചു കൊടുക്കരുതെന്നു പറഞ്ഞിട്ടുണ്ടു്.

ശ്രീ. പി. ആർ. ഫ്രാൻസിസു്: ഭക്ഷണസാധനങ്ങൾ വളരെയധികം കുറച്ചിട്ടുള്ളതായി അറിയാമോ; പോഷകാവശ്യത്തിനുവേണ്ട മുട്ട, ഇറച്ചി മുതലായവ.

ഡാക്ടർ ഏ. ആർ. മേനോൻ: കുറച്ചിട്ടില്ല. കൂട്ടിയിട്ടുണ്ടു്. ഒരു മാസത്തിൽ 35 കി. വീതം ഭക്ഷണത്തിനു കൊടുക്കുന്നുണ്ടു്.

റിസ്കു് അലവൻസു്.

* 1550. [9] ശ്രീ. എം. ഗോപാലൻകുട്ടിനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി പ്രദേശത്തു ടി. ബി., ലെപ്രസി, എക്സ്-റേ, റേഡിയം എന്നീ സ്പെഷ്യൽ ഡിപ്പാർട്ടുമെൻറുകളിൽ പ്രവർത്തിക്കുന്ന ഡാക്ടർമാർക്കും നേഴ്സുമാർക്കും റിസ്കു് അലവൻസു് അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു തോതിലാണു് അനുവദിക്കുന്നതു്;

LIBRARY ARCHIVES Kerala Legislative Assembly